(സി) ഈ പദ്ധതികൾ നടപ്പിലാക്കുന്നത് എൻ.എച്ച്.പി.സി., എസ്.ഇ.സി.ഐ. എന്നിവ മുഖാന്തരമായതിനാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് മൂലധനം മുടക്കേണ്ടി വരുന്നില്ല.

കല്ലട ഗ്രാമ പഞ്ചായത്തും പദ്ധതി നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ ഭൂവുടമകളും സംയുക്തമായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പാട്ടത്തുകയ്ക്ക് നൽകുന്ന സ്ഥലം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏറ്റെടുത്ത് എൻ.എച്ച്.പി.സി.-യ്ക്ക് നൽകുന്നതാണ്. സോളാർ എനിർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ (സെകി)-യുമായി ഒപ്പുവച്ചിട്ടുള്ള ധാരണാപത്രം അനുസരിച്ച് ടേൺ കീ അടിസ്ഥാനത്തിൽ കേരളത്തിൽ വികസിപ്പിച്ചെടുക്കുന്ന പദ്ധതികൾക്ക് 'സെകി' ഒരു മധ്യവർത്തിയായി പ്രവർത്തിക്കുന്നതാണ്.

(ഡി) പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിലെ 50 മെഗാവാട്ട് പദ്ധതിയ്ക്കു വേണ്ടി എൻ.എച്ച്.പി.സി.-യും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും 7-5-2014-ൽ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. കേരളത്തിനകത്തും പുറത്തും വൻകിട സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുന്നതിനായി സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി 18-2-2015 -ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വൈദ്യുതി മോഷണം

1 (347) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മോഷണം തടയുന്നതിന് എന്തെല്ലാം കരുതൽ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ വൈദ്യുതി മോഷണത്തിനുള്ള പിഴ ഇനത്തിൽ ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ വൈദ്യുതി മോഷണം തടയുന്നതിനായി ആവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി 13 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുപുറമേ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും, പോളികാർബണേറ്റ് സീലുകൾ ഉപയോഗിച്ച് മീറ്ററുകൾ സീൽ ചെയ്യുകയും ചെയ്തുവരുന്നു. എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം തടയുന്നതിന് സഹായകമായി കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ടോങ് ടെസ്റ്റർ, മൾട്ടിമീറ്റർ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി മോഷണം നിയന്ത്രിക്കുന്നതിന് സഹായകമായി നടത്തുന്ന പരിശോധനകളുടെ കൃത്യതയ്ക്കായി പ്രൈമറി കറണ്ട് ഇൻജങ്ഷൻ കിറ്റ് എന്ന നൂതന ഉപകരണം വാങ്ങുകയും, എച്ച്.റ്റി. സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ, എൽ.റ്റി സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ, തുടങ്ങിയ നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 13 സ്ക്വാഡുകളും വൈദ്യുതി മോഷണം തടയുന്നതിലേയ്ക്കായി എല്ലാമാസവും പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകളും നടത്തി വരുന്നുണ്ട്. ഉപഭോക്താവിന്റെ മീറ്ററിലെ കൃത്രിമം തിരിച്ചറിയാൻ സംവിധാനമുള്ള എനർജി മീറ്ററുകൾ ബോർഡ് സ്ഥാപിച്ചുവരുന്നു. മീറ്ററിൽ കൃത്രിമം നടത്തിയ ദിവസവും സമയവും പ്രസ്തുത മീറ്ററുകളിൽ രേഖപ്പെടുത്തുന്നതിനാൽ ഇത്തരത്തിലുള്ള മോഷണം തടയൽ ഫലപ്രദമാണ്. വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് സംസ്ഥാനാടിസ്ഥാനത്തിലുള്ള ആൻറി പവർ തെഫ്റ്റ് സ്ക്വാഡിന് പുറമെ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും സ്പെഷ്യൽ സ്ക്വാഡുകളും റീജിയണൽ ആഡിറ്റ് ഓഫീസിൽനിന്നും ഉള്ള സ്പെഷ്യൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നു. പ്രസ്തുത സ്ക്വാഡുകൾ മിന്നൽ പരിശോധന നടത്തി വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നുണ്ട്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ വ്യവസ്ഥകൾക്കനുസൃതമായി വൈദ്യുതി മോഷണത്തിനും വൈദ്യുതി ദുരുപയോഗത്തിനുമുള്ള പിഴ ഈടാക്കുന്നുണ്ട്. വൈദ്യുതി മോഷണം പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനായി ബോർഡിന്റെ വിജിലൻസ് വിഭാഗം ഓഫീസർമാരുടെയും അതാത് ഓഫീസ് മേലധികാരികളുടെയും ഫോൺ നമ്പർ എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. വൈദ്യുതി മോഷണം സംബന്ധിച്ചുള്ള വിവരം കൈമാറുന്നവർക്ക് പാരിതോഷികവും പ്രഖ്യാപിച്ചിട്ടുണ്ട്. വൈദ്യുതി മോഷണം കണ്ടുപിടിക്കപ്പെട്ടാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ദൃശ്യ മാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും ആവശ്യമായ പ്രചാരം പൊതുജനങ്ങൾക്ക് നൽകുന്നുമുണ്ട്.

(ബി) 15,76,29,660 രൂപ.

LIBRARY ARCHIVES Kerala Legislative Assembly